(ബി) ഇതിനകം എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടപ്പാക്കിയതെന്നും അതിനായി എത്ര രൂപ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് എത്രയും വേഗം തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശാന്തിതീരം റിവർസൈഡ് വാക്ക്‌വേ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നതും പൂർത്തീകരിക്കാത്തതുമായ ഘടകങ്ങളും രണ്ടാം ഘട്ടത്തിലെ ഘടകങ്ങളും ഉൾപ്പെടുത്തി 98,26,971 രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) വാക്ക്‌വേ, റെയിൻ ഹട്ട്, ആംഫി തീയേറ്റർ, പവിലിയൻ, സിറ്റിംഗ് പ്ലാസ, തുടങ്ങിയവയുടെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 37,08,489 രൂപ ചിലവഴിച്ചിട്ടുണ്ട്.

(സി) സ്വീകരിയ്ക്കും.

പട്ടികജാതി-പിന്നോക്ക വകുപ്പിന്റെ അട്ടർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ

28 (1023) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി-പിന്നോക്കസമുദായ വകുപ്പ് അട്ടർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നുള്ള വിവരങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

പട്ടികജാതി വികസന വകുപ്പും, പിന്നോക്ക സമുദായ വികസന വകുപ്പും അട്ടർ നിയോജക മണ്ഡലം ഉൾപ്പെടെ സംസ്ഥാന വ്യാപകമായാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വ്യക്തിഗത പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത്.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ് - 2011-12 മുതൽ (സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കാത്ത പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് വേണ്ടി).

2. അഡ്വക്കേറ്റ് ഗ്രാന്റ്സ് - 2012-13 മുതൽ (സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ നിയമ ബിരുദധാരികൾക്ക് അഭിഭാഷകരായി പ്രാക്ടീസ് ആരംഭിക്കുന്നതിനുള്ള ധന സഹായം).

LIBRARY ARCHIVES Kerala Legislative Assembly

3. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധന സഹായം - 2012-13 മുതൽ (സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി).

4. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം - 2013-14 മുതൽ 4 (പിന്നാക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിനും മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സ് പ്രവേശന പരീക്ഷാ പരിശീലനത്തിനും ധനസഹായം നൽകുന്ന പദ്ധതി).

ഒ.ബി.സി. പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് (100% CSS)- ഒ.ബി.സി. പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് (100% CSS) പദ്ധതി പ്രകാരം കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ മക്കൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 2011-12 മുതൽ ഹയർ സെക്കണ്ടറി വിഭാഗത്തിന് നടപ്പിലാക്കുകയും 2013-14 മുതൽ Group A,B,C വിഭാഗത്തിലെ കോഴ്സുകൾക്ക് കൂടി ഈ പദ്ധതി ബാധകമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ചെലവ് കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ അധികരിക്കരുതെന്നും ഉത്തരവായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് അട്ടർ പഞ്ചായത്തിൽ നടപ്പിലാക്കിയ, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ചും വർഷം തിരിച്ചുള്ള പദ്ധതികളും ഗുണഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

സെക്യൂരിറ്റി രംഗത്തെ ഏജൻസികൾ

29 (4193) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്യൂരിറ്റി രംഗത്ത് കേരളത്തിൽ എത്ര അംഗീകൃത ഏജൻസികൾ ഉണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) സെക്യൂരിറ്റി രംഗത്തെ ഏജൻസികൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത രംഗത്ത് പ്രവൃത്തിയെടുക്കുന്നവർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഇവർക്ക് തിരിച്ചറിയൽ രേഖകളും പരിശീലനങ്ങളും നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly